## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 424 — 06.02.2013-ൽ മറുപടിയ്ക്ക്

## ഇലക്ട്രിക്കൽ വയറിംഗ് മേഖലയിലെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം :

(എ) സംസ്ഥാനത്തെ ഇലക്ട്രിക്കൽ വയറിംഗ് മേഖല നേരിട്ടു കൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ്;

(ബി) ഈ നിവേദനത്തിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇവ നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) & (ബി) ഉണ്ട്. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 02-06-2012-ൽ മണ്ണാർക്കാട് നടന്ന ആൾ കേരള ലൈസൻസ്ഡ് വയർമെൻ അസോസിയേഷന്റെ പാലക്കാട് ജില്ലാ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയത്തിൽ വയർമെൻ തൊഴിലാളികളെ സംബന്ധിക്കുന്ന വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു.

വയർമെൻ പെർമിറ്റുള്ളവരെ പി. എസ്. സി അംഗീകരിക്കുക, വയർമാനെ വിദഗ്ദ്ധ തൊഴിലാളിയായി അംഗീകരിക്കുക, വയർമാൻ തൊഴിലാളികൾക്ക് സുരക്ഷാപദ്ധതികൾ നടപ്പിലാക്കുക, ബിൽഡിംഗ് കോൺട്രാക്ടർമാർ വയറിംഗ് ജോലികൾ ഏറ്റെടുക്കുന്നത് നിരോധിക്കുക, ഇലക്ട്രിക്കൽ കോൺട്രാക്ടർമാരുടെ റിന്യൂവൽ കാലാവധി 5 വർഷം ആക്കുക, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ മീറ്റർ ടെസ്റ്റിംഗിനുള്ള സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു.

നിലവിലുള്ള നിയമപ്രകാരം അംഗീകൃത ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്ക് മാത്രമേ വയറിംഗ് ജോലികൾ ഏറ്റെടുത്ത് നടത്താൻ അനുവാദമുള്ളൂ. ഇലക്ട്രിക്കൽ കോൺട്രാക്ടർമാരുടെ നിലവിലുള്ള പുതുക്കൽ കാലാവധി 3 വർഷത്തിൽ നിന്നും 5 വർഷമാക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. കൂടാതെ ഇപ്പോൾ മീറ്റർ ടെസ്റ്റിംഗിന് സംവിധാനമില്ലാത്ത കാസർകോട്, ഇടുക്കി, പത്തനംതിട്ട, വയനാട്, ആലപ്പുഴ ജില്ലകളിൽ കൂടി ടെസ്റ്റിംഗിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കെ. എസ്. ഇ. ബിയുടെ വിതരണ മേഖലയുമായി ബന്ധപ്പെട്ട പ്രധാന ആവശ്യങ്ങൾ കെ. എസ്. ഇ. ബിയുടെ എല്ലാ സെക്ഷൻ ആഫീസുകളിലും വിതരണ നയത്തിൽ ഏകീകരിച്ച നിയമം നടപ്പിലാക്കുക, എല്ലാ സെക്ഷൻ ഓഫീസുകളിലും കോൺട്രാക്ടറുടെ വർക്ക്

രജിസ്റ്റർ നിർബന്ധമാക്കുക, സർവ്വീസ് കണക്ഷൻ നല്കുന്നതിൽ നിലവിലുണ്ടായിരുന്ന നോർമൽ പ്രയോറിട്ടി, അഗ്രികൾച്ചർ, ജവാൻ, ക്യാൻസർ രോഗികൾ എന്നിവർക്കുള്ള സ്പെഷ്യൽ പ്രയോറിട്ടി നിലനിർത്തുക എന്നിവയാണ്.

എല്ലാ സെക്ഷൻ ആഫീസുകളിലും വിതരണ നയത്തിൽ ഏകീകരിച്ച നിയമമാണ് ബോർഡ് നടപ്പിലാക്കിയിട്ടുള്ളത്. ഇലക്ട്രിക്കൽ സെക്ഷനുകളിൽ കോൺട്രാക്ടറുടെ വർക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനെ സംബന്ധിച്ച് ബോർഡ് B.O (FM)(Genl) No. 946/2010 (DPC1/Acc-01/08) dated 12-04-2010, B.O (FM) (Genl) No.1301/2011 (DPC1/Acc-01/08) dated 21-05-2011 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് . എല്ലാ ഇലക്ട്രിക്കൽ കോൺട്രാക്ടർമാരും വർക്ക് രജിസ്റ്റർ നിർബന്ധമായും ഉപയോഗിക്കണെമെന്നും വയറിംഗ് സംബന്ധിച്ചുള്ള വിവരങ്ങൾ വർക്ക് രജിസ്റ്ററിൽ വ്യക്തമായി ചേർക്കുകയും ഇലക്ട്രിസിറ്റി ബോർഡിൽ നല്കുന്ന പൂർത്തീകരണ റിപ്പോർട്ടിൽ വർക്ക് രജിസ്റ്ററിൻെറ ബുക്ക് നമ്പറും രജിസ്റ്ററിൽ രേഖപ്പെടുത്തിയ വർക്കിൻെറ ക്രമ നമ്പറും ഉൾപ്പെടുത്തണമെന്നും ഈ നമ്പർ സർവ്വീസ് കണക്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ അതാത് സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയർ രേഖപ്പെടുത്തണമെന്നും ആവശ്യം വന്നാൽ വർക്ക് രജിസ്റ്റർ നമ്പറിൻേറയും ക്രമനമ്പറിൻെറയും പ്രിൻറ് ഔട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് നൽകുവാൻ സാദ്ധ്യമായ തരത്തിൽ കമ്പ്യൂട്ടറിലും ഇത് ഉൾപ്പെടുത്തണമെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സപ്ളൈ കോഡ് 2005, വകുപ്പ് 7 (1) പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വികലാംഗർക്കും ക്യാൻസർ രോഗികൾക്കും സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് റെഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തിനായി ബോർഡ് സമർപ്പിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ.